(ഡി) സ്റ്റാഫിന്റെ ശമ്പളം, സ്റ്റാഫിന്റെയും അംഗങ്ങളുടേയും യാത്രപ്പടി പോസ്റ്റേജ്, സ്റ്റേഷനറി, ഫർണിച്ചർ, ടെലഫോൺ ചാർജ്, ഇലക് ട്രിസിറ്റി ചാർജ്, ലൈബ്രറി, പ്രിൻറിംഗ് ചാർജ് മുതലായവയാണ് ചെലവു വന്ന മറ്റിനങ്ങളും.

ശ്രീ. സി. എ. മാത്യു: സംഗീതനാടക അക്കാദമി ഗ്രാൻറു വിതരണത്തിനു സ്വീകരിച്ച മാനദണ്ഡത്തിൽ ചില പാകപ്പിഴകളും വന്നിട്ടുണ്ടെന്നും, അക്കാദമിയുടെ സബ് കമ്മിറ്റി അംഗങ്ങളും ചെയ്ത ശുപാശ്കളും, നിർവാഹക സമിതി വേണ്ടിടത്തോളം പരിഗണിച്ചിട്ടില്ലെന്നും പരാതിയുണ്ട്. പല സ്ഥാപനങ്ങളെയും ഇതു ദോഷകരമായി ബാധിക്കുമെന്നുള്ളതിനാൽ, ഇന്നു ഗ്രാൻറു കിട്ടിയിട്ടുള്ള സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നത്തെ നില എന്താണെന്നും, ഗ്രാൻറു നൽകുന്നതിൽ വിവേചനം കാണിച്ചിട്ടുണ്ടോ എന്നും പരിശോധിക്കാൻ ഗവണ്മെൻറു തയ്യാറാകുമോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെ പ്രത്യേകം പരാതിയൊന്നും കിട്ടിയിട്ടില്ല. ബഹുമാനപ്പെട്ട മെംബർ പരാതിപ്പെട്ടാൽ അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പ്: ഈ സ്ഥാപനങ്ങളും ഓരോന്നും ചെലവാക്കിയ സംഖ്യയിൽ, സ്റ്റാഫിന്റെ യാത്രപ്പടി, ശമ്പളം മുതലായ ഇനത്തിൽ വന്നിട്ടുള്ള പ്രത്യേകം ചെലവു പറയാമോ?

ശ്രീ. ആർ. ശങ്കർ: ചോദ്യത്തിന്റെ ഉത്തരത്തിൽ, (ബി) വകുപ്പിൽ മൊത്തം ചെലവഴിച്ച തുക പറഞ്ഞിട്ടുണ്ട്. (സി)-യുടെ ഉത്തരത്തിൽ ഗ്രാൻറിനു വേണ്ടി ഉപയോഗിച്ച തുകയും പറഞ്ഞിട്ടുണ്ട്. അതിൽനിന്നു കണ്ടുപിടിക്കാവുന്നതേയുള്ളു ഈ ചെലവുകളും.

ശ്രീ. സി. അച്യുതമേനോൻ: സംഗീത അക്കാദമി, പ്രാദേശിക സ്ഥാപനങ്ങൾക്കു ഗ്രാൻറു കൊടുക്കുന്ന സമ്പ്രദായം ഉണ്ട്. അങ്ങനെ ഗ്രാൻറു കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം വ്യക്തമായ ചട്ടങ്ങളും ഉണ്ടാക്കിയിട്ടുണ്ടോ; ആ ചട്ടങ്ങളും അനുസരിച്ചാണോ ഇന്നു ഗ്രാൻറു കൊടുക്കുന്നതു?

ശ്രീ. ആർ. ശങ്കർ: ചട്ടങ്ങളും ഉണ്ടെന്നാണു് എൻറെ ഓർമ്മ.

ശ്രീ. ഇ. പി ഗോപാലൻ: ഈ അക്കാദമികളും കാൺസ്റ്റിറ്റ്യൂട്ടചെയ്തതു എന്നാണു്, കാലാവധി എന്നുവരെയാണു്?

ശ്രീ. ആർ. ശങ്കർ; പ്രത്യേകം ചോദിക്കണം.

ശ്രീമതി കുസുമം: ഇങ്ങനെ സമിതികൾക്കു ഗ്രാൻറു നൽകുന്നതിനു് ഇന്നു പ്രത്യേകം വ്യവസ്ഥയൊന്നുമില്ലെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഇന്നു ഗ്രാൻറു കിട്ടിയിട്ടുള്ള സമിതികൾക്കുമാത്രമാണു് വോട്ടവകാശമുള്ളതു്. വ്യക്തമായ രൂപരേഖ ഇല്ലാത്തതു കാണ്ടു് വളരെയധികം കുഴപ്പം വരുന്നുണ്ടെന്നു മനസ്സിലാക്കി, ആവശ്യമായ രൂപരേഖ ഉണ്ടാക്കാൻ ഏർപ്പാടുചെയ്യുമോ?

ശ്രീ. ആർ. ശങ്കർ: അതിനെപ്പറ്റി അന്വേഷിച്ചു വേണ്ടതുചെയ്യാം.

വനിതാ പോളി ടെക്നിക്കുകൾ

* 323. (10) ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഗവണ്മെൻറു് വനിതാ പോളി ടെക്നിക്കുകളുണ്ടു്;

(ബി) അതിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കു് സ്വന്തമായി കെട്ടിടങ്ങളുടെ പണി ആരംഭിച്ചിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ കെട്ടിടങ്ങളുടെ നിർമ്മാണത്തിനു കേന്ദ്ര ഗവണ്മെൻറിൽ നിന്നും എന്തെങ്കിലും ധനസഹായം ലഭിക്കുമോ; ഉണ്ടെങ്കിൽ എത്ര സഹായമാണു് ലഭിക്കുന്നതു്;

(ഡി) തിരുവനന്തപുരത്തെ വനിതാ പോളി ടെക്നിക്കിനു സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിക്കാത്തതിനു കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): (എ) മൂന്നു്.

(ബി) ഒരു സ്ഥാപനത്തിനും കെട്ടിടത്തിൻെറ പണി ആരംഭിച്ചിട്ടില്ല.

(സി) കേന്ദ്ര ഗവണ്മെൻറിൽനിന്നു ധനസഹായം ലഭിക്കും; ചെലവിൻെറ 50 ശതമാനമാണു് ധനസഹായമായി ലഭിക്കുന്നതു്.

(ഡി) തിരുവനന്തപുരം വനിതാ പോളി ടെക്നിക്കു് വളരെ സൗകര്യമായ ഒരു വാടകക്കെട്ടിടത്തിലാണു് ഇപ്പോൾ നടത്തിവരുന്നതു്. ഈ സ്ഥാപനത്തിനു സ്വന്തമായി ഒരു കെട്ടിടം ഉണ്ടാക്കുന്നതു് ഒരു അടിയന്തിര കാര്യമല്ല.

ശ്രീ. പി. വിശ്വംഭരൻ: കേന്ദ്ര ഗവണ്മെൻറു 50 ശതമാനം ധനസഹായം നൽകുമെന്നിരിക്കേ, സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കാൻ ഗവണ്മെൻറു തയ്യാറാകാത്തതെന്തുകൊണ്ടാണു്?

ശ്രീ. ആർ. ശങ്കർ: 50 ശതമാനം ഈ ഗവണ്മെൻറു് ഉടനെ ചെലവു ചെയ്യണമെന്നുള്ളതുകൊണ്ടാണു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: തൃശ്ശൂർ വനിതാ പോളി ടെക്നിക്കിനു വേണ്ടി സ്ഥലം നിശ്ചയിച്ചിട്ടുണ്ടു്. കെട്ടിടം പണി എന്നു് ആരംഭിക്കും?

ശ്രീ. ആർ. ശങ്കർ: പണി എന്നാരംഭിക്കുമെന്നു് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. ആരംഭിച്ചിട്ടില്ലാത്ത കെട്ടിടങ്ങളുടെ പണി തൽക്കാലം നിറുത്തിവച്ചിരിക്കുകയാണു്.

ശ്രീ. കെ.കൃഷ്ണപിള്ള: 50 ശതമാനം ചെലവു കേന്ദ്ര ഗവണ്മെൻറു വഹിക്കുമെന്നു പറഞ്ഞല്ലോ. വാടകയുടെ 50 ശതമാനം കേന്ദ്ര ഗവണ്മെൻറു തരുമോ?

ശ്രീ. ആർ. ശങ്കർ: വാടകയുടെ 50 ശതമാനം എത്രയോ കുറവാണു്.

പുതിയ സാങ്കേതിക കോളേജുകൾ

* 324. (11) ശ്രീ. എൻ. മോസ്സുരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി ദയവു മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയനവർഷത്തിൽ നമ്മുടെ സ്റ്റേറ്റിൽ പുതുതായി എന്തെങ്കിലും സാങ്കേതിക കോളേജുകൾ ആരംഭിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയിൽ പ്രൈവറ്റു സെക്ടറിൽ എത്ര; പബ്ലിക് സെക്ടറിൽ എത്ര; എവിടെയെല്ലാം?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): (എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ഇ. പി. ഗോപാലൻ: സാങ്കേതിക കോളേജുകളായാലും, സ്കൂളുകളായാലും സ്വകാര്യമേഖലയിൽ സ്ഥാപിക്കുന്നതാണു ലാഭകരം എന്നു ഗവണ്മെൻറു മനസ്സിലാക്കിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly